"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ജീവനക്കാര്യം - കേരള ജനറൽ സർവീസ് - ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ ( എസ്റ്റാബ്ലിഷ് മെന്റ്-ബി )വകുപ്പ്***

സ.ഉ.(അച്ചടി)നം. 43/2022/ധന. തിരുവനന്തപുരം, തീയതി, 06.04.2022.

---

പരാമർശം: 1. 28.11.1966 ലെ സ.ഉ(പി) നമ്പർ 464/66

2. 27.12.2018 ലെ സ.ഉ(പി) നമ്പർ 17/2018/ഉ.ഭ.പ.വ

**ഉത്തരവ്**

കേരള ജനറൽ സർവീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം, പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനം എന്നീ നിയമന രീതികളിലൂടെ നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷമായിരിക്കും എന്നാണ് പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവീസിലെയും വിവിധ നിയമനങ്ങളിലെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ നേരിട്ടുള്ള നിയമനം/പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനം/നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള തസ്തികകളിലേക്കുള്ള വകുപ്പുതല/പി എസ് സി ഇതര ബൈ ട്രാൻസ്ഫർ നിയമനം എന്നീ രീതികളിലൂടെ നിയമിതരാകുന്നവരുടെ (സ്റ്റേറ്റ് സർവീസും സബോർഡിനേറ്റ് സർവീസും ഉൾപ്പെടെ) പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ രണ്ടു വർഷമായിരിക്കും എന്ന് വ്യക്തമാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, കേരള ജനറൽ സർവീസിലെ ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം/പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനം എന്നീ നിയമന രീതികളിലൂടെ നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ടു വർഷമായിരിക്കും എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**വിജയശ്രീ എം എസ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തൃശ്ശൂർ .

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത്/ എൽ എസ് ജി ഡി/ ഇറിഗേഷൻ/ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (പൊതുമരാമത്ത്/ എൽ എസ് ജി ഡി/ ഇറിഗേഷൻ/ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ, തിരുവനന്തപുരം.

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർമാർ

www. **ctfmweb@gmall.com**

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഇ (1871194) എസ്റ്റാ-ബി2/98/2021/ധന

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ